**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162</u>** **<u>04-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വൃക്ക സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ) | കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ 07 ഡയാലിസിസ് മെഷീനുകളോട്ടു കൂടി ഒരു ഡയാലിസിസ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ആയതിൽ ഒരു ഡയാലിസിസ് മെഷീൻ സ്റ്റാൻഡ് ബൈ ആണ്. ടി യൂണിറ്റിൽ ഒരു ദിവസം മൂന്ന് ഷിഫ്റ്റായി 18 ഡയാലിസിസ് നടത്തുന്നുണ്ട്. ആയതിൻ പ്രകാരം ടി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു ഹെഡ് നഴ്സ്, മൂന്ന് സ്റ്റാഫ് നഴ്സ്, 6 ഡയാലിസിസ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഡയാലിസിസ് സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പിരശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ